# മാതൃകാചോദ്യപേപ്പർ

SET 1

# USS EXAMINATION - FEBRUARY 2016

## Paper 1 - Part B - മലയാളം (BT)

1. താഴെ തന്നിട്ടുള്ളവയിൽ തത്വജ്ഞാനപരമായിട്ടുള്ള വരികൾ ഏത്?

   A താഴെ വച്ചാലുറുമ്പരിച്ചാലോ
   തലയിൽ വച്ചാൽ പേനരിച്ചാലോ.

   B മാമ്പൂ കണ്ടു മദിക്കല്ലേ,
   മാരിക്കാർ വില്ലിനെ നമ്പല്ലേ.

   C മാവായിപ്പൂക്കുന്നതാരാണ്?
   മഴയായിപ്പെയ്തൊരിടശ്ശേരി.

   D കാലമോതി ജനതയ്ക്കുവേണ്ടി
   തൂലിക ഒരു വാളാക്കിമാറ്റൂ.

2. താഴെ തന്നിട്ടുള്ള വാക്യങ്ങളിൽ അടിയിൽ വരയിട്ടിരിക്കുന്നത് ശ്രദ്ധിക്കുക. 'ലുബ്ധൻ'എന്നർത്ഥം വരുന്നത് അവയിൽ ഏത് പ്രയോഗമാണ്?

   A സതി എന്ന ദുരാചാരത്തെ നോക്കുകുത്തിപോലെ നോക്കി നിൽക്കാനേ പലർക്കും കഴിഞ്ഞുള്ളു.

   B നിധികാക്കുന്ന ഭൂതം ജീവിതസുഖങ്ങൾ എന്താണെന്ന് അറിയാറേയില്ല.

   C പച്ചപരമാർത്ഥികൾ പലപ്പോഴും അന്യർക്ക് ഉപദ്രവകാരികളായി തീരാറുണ്ട്.

   D ഒന്നിനും കൊള്ളാത്തവർ ആറാട്ടുകൊമ്പന്മാരായി ഞെളിയുന്നത് പലേടത്തും കാര്യനടത്തിപ്പിന് തടസ്സമാകുന്നു.

3. വിഷകന്യക എന്ന നോവലിന്റെ കർത്താവ് ആര്?

   A ജി. ശങ്കരക്കുറുപ്പ്     B എസ്. കെ. പൊറ്റക്കാട്

   C തകഴി ശിവശങ്കരപ്പിള്ള     D എം.ടി. വാസുദേവൻ നായർ

4. ശരിയായ പദം ഏത്?

A അഞ്ജലി　　B അജ്ഞലി

C അഞ്ചലി　　D അഞ്ഞലി

5. 'നാട്ടിലെ ജോലി നഷ്ടപ്പെട്ടപ്പോഴാണ് അയാൾ ലക്ഷങ്ങൾ മുടക്കി ഗൾഫിലേക്ക് പോയത്. അവിടെ ചെന്നപ്പോഴേയ്ക്കും അയാൾ ജോലി തേടിയിരുന്ന കമ്പനി അടച്ചു പൂട്ടിയിരുന്നു'- ഇവിടെ അനുയോജ്യമായ പഴഞ്ചൊല്ല് ഏത്?

A വെളുക്കാൻ തേച്ചത് പാണ്ടായി.

B വൈദ്യൻ കല്പിച്ചതും രോഗി ഇച്ഛിച്ചതും പാല്.

C പാപി ചെല്ലുന്നിടം പാതാളം.

D മിന്നുന്നതെല്ലാം പൊന്നല്ല.

6. താഴെക്കൊടുത്തിട്ടുള്ളവയിൽ ശരിയായ വാക്യമേത്?

A ഓരോരോ നക്ഷത്രവും ഒരു സൂര്യനാണ്.

B ഓരോ നക്ഷത്രവും ഒരു സൂര്യനാണ്.

C ഓരോ നക്ഷത്രവും ഓരോ സൂര്യനാണ്.

D ഓരോ നക്ഷത്രവും ഓരോരോ സൂര്യന്മാരാണ്.

7. ചുവടെ ചേർത്തവയിൽ അക്ഷരമാലാ ക്രമം പാലിച്ച് എഴുതിയ കൂട്ടം ഏത്?

A തൈര്/തിര/തോത്/തൂവൽ

B തിര/തൂവൽ/തൈര്/തോത്

C തൂവൽ/തോത്/തൈര്/തിര

D തോത്/തൂവൽ/തിര/തൈര്

8. താഴെതന്നിട്ടുള്ളവയിൽ കൂട്ടത്തിൽപ്പെടാത്തത് ഏത്?

A തുമ്പപ്പൂവേ പൂത്തിരളേ
നാളേയ്ക്കൊരുവട്ടി പൂ തരണേ.

B ആറ്റും മണമ്മേലേ ഉണ്ണിയാർച്ച

ഊണും കഴിഞ്ഞങ്ങുറക്കമായി.

C പാട്ടു പാടിയുറക്കാം ഞാൻ

താമരപ്പൂമ്പൈതലേ.

D മുണ്ടകൻ പാടത്തെ നാതൻ കുഞ്ഞേ

മുണ്ടകൻ കൊയ്യുമ്പോളെവിടിരിക്കും?

9. താളവ്യത്യാസമുള്ള വരികൾ ഏത്?

A കണ്ണൻ കപടഗോപാലൻ

കൈവല്യാംബു ഘനാഘനം

B നമിക്കിലുയരാം, നടുകിൽത്തിന്നാം

നൽകുകിൽ നേടീടാം

C കാളിന്ദിയാറ്റിൻ കരയിൽ

കണ്ണിന്നമൃതധാരയായ്

D കോടക്കാർ കൊമ്പുകുത്തുന്ന

കോമളത്തിരുമേനിയിൽ

10. 'കൂടിയാട്ടം' എന്ന കലാരൂപത്തിന് യോജിച്ച പ്രസ്താവന ഏത്?

A വയനാട്ടിലെ അടിയാന്മാർ ആചരിക്കുന്ന മന്ത്രവാദച്ചടങ്ങ്.

B ലോകപൈതൃകമായി യുനെസ്കോ അംഗീകരിച്ച ആദ്യത്തെ ഭാരതീയ നൃത്തരൂപം.

C പ്രാചീനകേരളത്തിലെ ആയോധനകല.

D പാലക്കാടു ജില്ലയിൽ നിലവിലുള്ള അനുഷ്ഠാനകല.

11. 'മാപ്പിളമാരുടെ ഇടയിൽ പ്രചാരമുള്ള ഈ കലാപ്രകടനം വിവാഹവുമായി ബന്ധപ്പെട്ടാണ് കൂടുതലും കണ്ടു വരുന്നത്. മലബാറിലെ മുസ്ളീംങ്ങളുടെ ഇടയിൽ ഇതിന് കൂടുതൽ പ്രചാരമുണ്ട്. മണവാട്ടിയും മണിയറയുമൊക്കെ ഈ കലാരൂപത്തിന്റെ ഭാഗമാണ്.' - ഏത് കലാരൂപത്തെക്കുറിച്ചുള്ള സൂചനകളാണ് ഈ വരികളിൽ നിന്നും ലഭിക്കുന്നത്?

A ദഫ്മുട്ട്  B മാപ്പിളപ്പാട്ട്

C കോൽക്കളി  D ഒപ്പന

12. വൈക്കം മുഹമ്മദ് ബഷീറിന്റെ 'ഒരു മനുഷ്യൻ' എന്ന ചെറുകഥ പരിചയപ്പെട്ടല്ലോ. ആ കഥ നൽകുന്ന സന്ദേശം എന്ത്?

A എല്ലാ മനുഷ്യരും കള്ളന്മാരാണ്.

B ഏതൊരു മനുഷ്യനിലും നന്മയുടെ അംശമുണ്ട്.

C ഒരാൾ നന്നാവാൻ അധികസമയം വേണ്ട.

D ഏത് കള്ളനും ഒരിക്കൽ നന്നാവും.

**കവിത വായിച്ച് താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

'ഇടിവെട്ടീടും വണ്ണം വിൽമുറിഞ്ഞൊച്ച കേട്ടു
നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലെ
മൈഥിലി മയിൽപ്പേടപോലെ സന്തോഷം പൂണ്ടാൾ
കൗതുകമുണ്ടായ്വന്നു ചേതസി കൗശികനും
മൈഥിലിതന്നെപ്പരിചാരികമാരും നിജ
മാതാക്കന്മാരും കൂടി നന്നായിച്ചമയിച്ചാർ
സ്വർണ്ണവർണ്ണത്തെപ്പൂണ്ട മൈഥിലി മനോഹരി,
സ്വർണ്ണഭൂഷണങ്ങളുമണിഞ്ഞു ശോഭയോടെ
സ്വർണ്ണമാലയും ധരിച്ചാദരാൽ മന്ദം മന്ദ-
മർണ്ണോജനേത്രൻ മുമ്പിൽ സത്രപം വിനീതയായ്
വന്നുടൻ നേത്രോൽപ്പല മാലയുമിട്ടാൾ മുന്നേ
പിന്നാലേ വരണാർഥമാലയുമിട്ടീടിനാൾ"

13. 'അർണ്ണോജനേത്രൻ മുമ്പിൽ സത്രപം വിനീതയായ് '- ഈ വരിയിൽ അടിയിൽ വരയിട്ടിരിക്കുന്ന പദത്തിന്റെ അർത്ഥമെന്ത്?

A കരുണയോടെ  B ലജ്ജയോടെ

C ബഹുമാനത്തോടെ  D ആരാധനയോടെ

14. ഈ കവിതയിൽ കൗതുകമുണ്ടായതായി സൂചിപ്പിക്കുന്ന മഹർഷി ആരാണ്?

A വിശ്വാമിത്രൻ B വസിഷ്ഠൻ

C സാന്ദീപനി D ദുർവ്വാസാവ്

15. പ്രതിശ്രുതവരനായ ശ്രീരാമനെ സീതാദേവി നോക്കി എന്നർത്ഥമാക്കുന്ന പ്രയോഗം താഴെ തന്നിട്ടുള്ളവയിൽ ഏതാണ്?

A വരണാർഥമാലയുമിട്ടീടിനാൾ B അർണോജനേത്രൻ മുമ്പിൽ

C നേത്രോൽപ്പല മാലയുമിട്ടാൾ D നന്നായിച്ചമയിച്ചാർ

# ഉത്തരസൂചിക

1. B
2. B
3. B
4. A
5. C
6. C
7. B
8. C
9. B
10. B
11. D
12. B
13. B
14. A
15. C